**Week -1**

# Weekly Devotion -September 2017

# Not Doing Good Itself Is Sin

## ചെയ്യാത്ത നന്മകൾ പാപം




അനുഭവങ്ങളിൽ നിന്നും ദൈവവചനത്തിൽ നിന്നും പാഠം പഠിക്കേണ്ടവരാണ് നാം ഓരോരുത്തരും.ഒരുവ്യക്തി നല്ല ഭർത്താവോ, ഭാര്യയോ,ആയില്ലെങ്കിൽ, നല്ല പിതാവോ, മാതാവോ,മകനോ,മകളോആയില്ലെങ്കിൽ ആ വ്യക്തി പാപികളുടെ ഗണത്തിലാകും. "ആയില്ലെങ്കിൽ"എന്ന വാക്കിന്റെ നിഴലിലാകാകാതിരിപ്പാൻ നാം സൂക്ഷിക്കണം

ചിലനാളുകൾക്കു മുൻപ് ഒരുസുവിശേഷകനും രണ്ട് കൂട്ടുകാരുംഒരു ഭവനം സന്ദർശിച്ചുവാതിൽതുറന്നത് പ്രൗഢയായഒരുസ്ത്രീ ആയിരുന്നു.അകത്തേക്ക് കയറിഇരിക്കുവാൻ പറഞ്ഞ ഉടൻ തന്നെ വിദേശത്തുള്ളമകനെപ്പറ്റി പറഞ്ഞുതുടങ്ങിയ ആ അമ്മ വാചാലയായിരുന്നു. എന്നാൽ ഭർത്താവിനെപ്പറ്റിചോദിച്ചപ്പോൾകൃഷിക്കാരനായജീവിതപങ്കാളിയെപ്പറ്റിമോശമായിട്ടാണ്സംസാരിച്ചത്. സ്വന്തം ഭർത്താവിനെ അവഗ

ണിച്ച്സംസാരിച്ചത് കേൾവിക്കാരിൽഅത്ഭുതം ജനിപ്പിച്ചു. തുടർന്ന്ദൈവവുമായുള്ള ബന്ധത്തെപ്പറ്റിതിരക്കിയപ്പോൾ"നിങ്ങൾ ആധുനികയുഗത്തിലൊന്നുമല്ലേഎന്തിനാണ് ഈ പഴഞ്ചൻ ചോദ്യംചോദിക്കുന്നത്"എന്ന് തിരിച്ച് ചോദിച്ചു. നിസ്സഹായരായ മനുഷ്യരെപ്പറ്റിയുംഅവർ പുച്ഛ്മായിട്ടാണ്സംസാരിച്ചത്. തന്റെ പഴയഅവസ്ഥ മറന്ന ഈ സ്ത്രീ പല വിധ പാപങ്ങളുടെ പ്രതീകമാണ്.

പഴയനിയമകാലത്ത്ചെയ്തതെറ്റിനാണ് മനുഷ്യരെശിക്ഷിച്ചിരുന്നത്. എന്നാൽ പുതിയനിയമത്തിൽചെയ്യാത്ത നന്മയ്ക്ക്ശിക്ഷിക്കുന്ന ദൈവത്തെ നമുക്ക്കാണാം .ദൈവം നൽകുന്ന നന്മകൾ മറക്കുന്നവർക്ക് (സങ്കീ 50:22) ൽ അതിനുള്ളമുന്നറിയിപ്പ്വചനം നൽകുന്നു. " ദൈവത്തെ മറക്കുന്നവരേഇത്ഓർത്തു കൊള്ളുവിൻ, യഹോവ നിങ്ങളെകീറിക്കളയുംവിടുവിപ്പാൻ ആരുംഉണ്ടാകുകയില്ല"കൂടാതെ നിഗളിക്കുക, പരസ്പരം ബഹുമാനിക്കാതിരിക്കുക, പാവപ്പെട്ടവരെ അവഗണിക്കുക, ഇതെല്ലാം പാപമാണ്.

അറിവ് വർദ്ധിച്ചപ്പോൾ പലരുംദുഷ്പ്രവണതകളെ മനസ്സിലാക്കിഒഴിഞ്ഞുമാറിഎന്നത്ശരിയാണ്. പക്ഷെ അവർക്ക് സാധിക്കുന്ന നന്മ മറ്റൊരാൾക്ക്ചെയ്യുന്നില്ലഎന്നത്തെറ്റുമാണ് ലൂക്കോ:10 ലെ പുരോഹിതനും ലേവ്യനും തെറ്റ്ചെയ്തതായിവചനം പറയുന്നില്ല. എന്നാൽമുറിവേറ്റ്ദയനീയാവസ്ഥയിൽറോഡിൽ കണ്ട ശമര്യ്യനെ അവഗണിച്ചത് തെറ്റാണെന്നാണ്ഇവിടെകാണുന്നത്. അതത്രെ ഇവിടുത്തെ പാപകാരണമായതെറ്റ് . ലൂക്കോ:10:31 ൽ പുരോഹിതൻ അവനെ കണ്ടിട്ട്മാറി കടന്നുപോയിഎന്നുംലൂക്കോ :(10:32) ൽ ലേവ്യനും അവനെ കണ്ടിട്ട്മാറികടന്നുപോയിഎന്നത്കാണാം. എന്നാൽ ആ വഴി വന്ന ശർമയ്യനായവഴിയാത്രക്കാരൻ അവനോട്കരുണകാണിച്ചുഎന്ന്വ്യക്തമായിവചനം വ്യക്തമാക്കുന്നു.

നാം ഗർഭത്തിലുരുവാകും മുൻപേ നമ്മെ കണ്ട ദൈവം ചിലത് നാം ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. ദൈവം നമ്മെക്കുറിച്ച് പ്രതീക്ഷിച്ച ആ നിലവാരത്തിൽ എത്തുവാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ നാം ലക്ഷ്യബോധമില്ലാത്തവരായിത്തീരും. യേശുവിന്റെശിഷ്യനായ യൂദ ഇതിന് ഉദാഹരണമാണ്. വചനം മുന്നറിയിപ്പ് നൽകിയിട്ടും അവൻ തെറ്റിലകപ്പെട്ടു. എന്നാൽവചനം അറിയാതെ പാപം ചെയ്ത ശൗൽ യേശു

അവന്റെ പേരു വിളിച്ച് തെറ്റ് തിരുത്തിയപ്പോൾ മാറ്റമുള്ളവനായി തീർന്നു എന്ന് അപ്പോ: (9:3-5)വരെയുള്ള ഭാഗത്ത് കാണാം. യേശുവിനെ അറിയുന്തോറും അവൻ മേൽക്കു മേൽശക്തിപ്രാപിച്ച്അവന്റെ ക്രൂശിലല്ലാതെ എനിക്ക് പ്രശംസിക്കാൻ ഒന്നും ഇല്ല എന്ന്വ്യക്തമായി പറഞ്ഞു. നാമോ ? കേൾക്കുന്തോറും പാപത്തിൽവീഴുന്നവരോ? ശോധന ചെയ്യുവാൻ കിട്ടിയസമയം നഷ്ടമാക്കല്ലേ.

ചില നിയന്ത്രണ രേഖകൾ വചനാനുസൃതം അവൻ നമുക്ക്തന്നിട്ടുണ്ട്. അത്സ്വീകരിക്കാത്തവർ പാപികളുടെ പട്ടികയിൽപ്പെടും. അവൻ തന്ന പത്ത് കൽപന കൾ മറികടന്നാൽ നാം പാപപ്രവർത്തികൾചെയ്യുവാനിടയാകും. ഓക്സിജന് പണംഅട യ്ക്കാത്തതുമൂലം supply നിർത്തി പിഞ്ചുകുഞ്ഞുങ്ങളുടെ മരണത്തിന് കാര ണക്കാരായവർ, അന്യ സംസ്ഥാനക്കാരെ ശുശ്രൂഷിക്കാതെ അവഗണിച്ചവർ, പണമില്ലാ ത്തവരെ ശുശ്രൂഷിക്കാൻ അനുവദിക്കാതെ മരണത്തിന്റെ കരാളഹസ്തത്തിലേക്ക് തള്ളി യിടുന്നവർ, ജനനന്മയ്ക്ക് ചിലവാക്കേണ്ട പണം എടുത്ത് സ്വന്ത ധനം വർദ്ധിപ്പിക്കുന്ന വരേ,ഓർക്കുക നിങ്ങൾകൊടും പാപികളാണ്, മാനസാന്തരപ്പെടുക ഈ പാപപ്രവർത്തി കൾക്ക് ലോകം ശിക്ഷിക്കാതെ രക്ഷിച്ചാലും സന്തോഷിക്കേണ്ട, തീഷ്ണതയുള്ള ദൈവ ത്തിന്റെ ന്യായവിധി വരുന്നുണ്ട്. താഴ്മയും സൗമ്യതയും ദൈവീക അനുസരണവുമു ള്ളവരായി പാപം വിട്ടൊഴിഞ്ഞ് നമുക്ക് ജീവിക്കാം.എളിയവരെസ്നേഹിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥന

നന്മയുടെയുംകരുണയുടെയുംഉറവിടമായകർത്താവേ ! അങ്ങയുടെ മക്ക ളാക്കിഞങ്ങളെമാറ്റിയതിന് നന്ദി. നന്മയും പ്രസാദവും പൂർണ്ണതയുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് മുൻപോട്ട് പോകുവാൻ കൃപചെയ്യേണമേ യേശുവിൻ നാമത്തിൽതന്നെ ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind